**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 343** | **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ പ്രസ്ഥാനത്തെ ആഗോളതലത്തിൽ അടയാളപ്പെടുത്തുന്ന രീതിയിൽ മികച്ച സഹകരണ സംഘങ്ങളെ ഉയർത്തിക്കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്;<br><br>ലോകത്തുതന്നെ ഏറ്റവും സാർവ്വത്രികവും ജനകീയവുമായ പ്രസ്ഥാനം എന്ന നിലയിൽ സഹകരണമേഖലയ്ക്ക് അനുയോജ്യമായ വികസന-സേവന മേഖലകൾ കണ്ടെത്തി ആധുനിക കാഴ്ചപ്പാടോടെയും നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെയും സഹകരണ സ്ഥാപനങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് ഉദാഹരണമാണ് കേരള ബാങ്കും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും.<br><br>ആഗോളതലത്തിൽ അടയാളപ്പെടുത്താവുന്ന നിലയിലേയ്ക്ക് സഹകരണ സ്ഥാപനങ്ങൾക്ക് വളരാനുള്ള എല്ലാ സാഹചര്യവും ഇന്ന് കേരളത്തിലുണ്ട്. നിലവിൽ വായ്പാസംഘങ്ങൾക്കുമപ്പുറം നിർമ്മാണക്കരാർ, ഉത്പന്നനിർമ്മാണം, ഭക്ഷ്യ സംസ്കരണം, പരമ്പരാഗത വ്യവസായം, ചികിത്സാരംഗം, ഔപചാരികവും ഉന്നതവുമായ വിദ്യാഭ്യാസമേഖലകൾ, ചെറുകിട വ്യാപാരം, സോഫ്റ്റ് വെയർ വികസനം, മറ്റ് ഐ.റ്റി. സേവനങ്ങൾ തുടങ്ങിയ ഒട്ടേറെ മേഖലകളിലേയ്ക്ക് സഹകരണ മേഖല ശക്തമായി കടന്നുവന്നിട്ടുണ്ട്. നിയമഭേദഗതിയടക്കം നിലവിൽ സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ ആഗോളതലത്തിൽ അടയാളപ്പെടുത്തുന്ന രീതിയിൽ സഹകരണ സംഘങ്ങൾക്ക് വളർന്ന് വരുവാൻ സഹായകമാകുന്ന രീതിയിലാണ്. |
| (ബി) | സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്‌വർക്ക് മുതലായ നാലാംതലമുറ | (ബി) | യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്കും സഹകരണ |

| | | | |
|---|---|---|---|
| | വ്യവസായങ്ങൾ യുവാക്കളുടെ സ്റ്റാർട്ടപ്പ് സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | | തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും, സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ സാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടി സംഘങ്ങളിലൂടെ, ഐ.റ്റി മേഖലയിൽ സോഫ്റ്റ് വെയറുകളും മൊബൈൽ ആപ്ലിക്കേഷനുകളും വികസിപ്പിച്ച് നൽകുന്ന സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ നടത്തിവരുന്നു. നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സഹകരണമേഖലയുടെ സംഭാവന സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുകയും സഹകരണ മേഖലയുടെ പ്രാധാന്യം നയരൂപവത്കരണ തലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സഹകരണ പ്രസ്ഥാനം നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതിയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സഹകരണ സംഘങ്ങൾക്ക് സാധിച്ചിട്ടുണ്ട്.<br><br>സാമ്പത്തിക ദുർവ്യയങ്ങളേതുമില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും അംഗങ്ങളുടെയും സമൂഹത്തിന്റെയും നേട്ടത്തിനായി പ്രവർത്തിക്കാൻ കെൽപ്പുള്ള സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമാക്കി തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനും സഹകരണ പ്രസ്ഥാനങ്ങളെ ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ സഹകരണ നയം രൂപീകരിച്ചിട്ടുണ്ട്.<br><br>2024 ജനുവരി 21, 22 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന 9-ാം സഹകരണ കോൺഗ്രസ്സിൽ 2018-ലെ സഹകരണ നയത്തിന്റെ അവലോകനവും പുതുക്കലും അവതരിപ്പിക്കുകയും അതിൽ സഹകരണ നയത്തിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങളിൽ ഒൻപതാമതായിട്ട് ഇത്തരത്തിലുള്ള ഒരു നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. |
| (ഡി) | കേരള ബാങ്കും പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും ഇതരവിഭാഗം സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കാവശ്യമായ പിന്തുണ കേരള ബാങ്കിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കേരള ബാങ്കും പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങളുടെ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗം എല്ലാ ജില്ലകളിലും വിളിച്ചു ചേർക്കുന്നതിനും ടി യോഗത്തിൽ കേരള ബാങ്ക് പ്രസിഡന്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, CFO, CRO, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ നേരിട്ട് പങ്കെടുക്കുന്നതിനും, പ്രാഥമിക സംഘങ്ങളുടെ |

അഭിപ്രായങ്ങൾ നേരിൽ കേട്ട് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ബാങ്ക് ഭരണസമിതി തീരുമാനിക്കുകയും ആയത് പ്രകാരം 11 ജില്ലയിലെ യോഗങ്ങൾ ഇതിനോടകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആയതിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- ബൾക്ക് ഡെപ്പോസിറ്റുകൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഇതിലൂടെ 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങൾക്ക് 0.50% അധിക പലിശ ലഭിക്കും.

നിക്ഷേപത്തിന്റെ ഈടിന്മേലുള്ള സംഘങ്ങളുടെ വായ്പയ്ക്കുള്ള പലിശ മാർജിൻ നിലവിലുള്ള 2 ശതമാനത്തിൽ നിന്നും 0.75 ശതമാനമായി കുറച്ചു.

പ്രാഥമിക സംഘങ്ങളുടെ ഇടപാടുകൾക്ക് സഹായം ഒരുക്കുന്നതിനും ഡിജിറ്റൽ, കോർ ബാങ്കിംഗ് സംബന്ധിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിനുമായി ബാങ്കിന്റെ ഐ.ടി. ആസ്ഥാനത്ത് പ്രത്യേക PACS Cell ആരംഭിക്കുന്നതിന് തീരുമാനിച്ചു.

എല്ലാ ജില്ലകളിലും കേരള ബാങ്കിന്റെ ഒരു മുതിർന്ന ഓഫീസറെ PACS Relationship Manager ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള ബാങ്കും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ഉൾപ്പെട്ട സഹകാരി സംഗമം എല്ലാ ജില്ലയിലും 3 മാസത്തിലൊരിക്കൽ ചേരുന്നതിനും ഈ യോഗത്തിൽ സഹകരണ വകുപ്പിന്റെ പ്രാതിനിധ്യത്തിനായി സഹകരണ സംഘം രജിസ്ട്രാറോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

പ്രാഥമിക സംഘങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അതാത് സമയം പരിഹരിക്കുന്നതിനായി, നിലവിലുള്ള താലൂക്ക്, ജില്ലാ, റീജിയണൽ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചു.

നബാർഡിന്റെ സഹായത്തോടെ PACS Development Cell-കൾ രൂപീകരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചു. എല്ലാ ജില്ലകളിലും PACS Development Cell-കൾ രൂപീകരിക്കുന്നതിന് നബാർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്താകെ ദുർബലാവസ്ഥയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കായി Revitalisation of unhealthy

| | | | | |
|---|---|---|---|---|
| | | | | PACS Scheme തയ്യാറാക്കി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br><br>പ്രാഥമിക സഹകരണ സംഘങ്ങളുടെ നെഗറ്റീവ് നെറ്റ് വർത്ത് അംഗതല കുടിശ്ശിക എന്നിവയ്ക്ക് കേരള ബാങ്കിന്റെ വായ്പ നയത്തിന് എക്സംപ്ഷൻ നൽകി വായ്പകൾ അനുവദിച്ച് നൽകുന്നതിന് 2022-23 മുതൽ ആരംഭിച്ച നടപടികൾ തുടരുന്നുണ്ട്.<br><br>പ്രാഥമിക സഹകരണ സംഘങ്ങൾ ആവശ്യപ്പെടുന്ന പക്ഷം സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള ബാങ്കിൽ നിന്നുള്ള ജീവനക്കാരുടെ സേവനം വിട്ടുനൽകുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ